# 1

# പ. പാത്രിയർക്കീസ് ബാവാ തിരുമനസ്സിലെ സഭാസമാധാന കല്പന

നമ്പർ 447

സർവ്വശക്തനായി, സാരാംശ സമ്പൂർണ്ണനായിരിക്കുന്ന നിത്യന്റെ
തിരുനാമത്തിൽ അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും
ശ്ലൈഹിക സിംഹാസനത്തിന്റെ ബലഹീനനായ
യാക്കോബ് തൃതീയൻ ഇഗ്നാത്യോസ് പാത്രിയർക്കീസ്

(മുദ്ര)

അന്ത്യോഖ്യായുടെയും കിഴക്ക് ഒക്കെയുടെയും പത്രോസിനടുത്തതും ശ്ലൈഹികവുമായ സിംഹാസനത്തിന്റെ അധികാരസീമയിൽപെട്ട മലങ്കരയിലെയും ഇൻഡ്യയിലെയും നമ്മുടെ സ്നേഹഭാജനങ്ങളായ ശ്രേഷ്ഠ മെത്രാപ്പോലീത്തന്മാർ ബഹുമാന്യ കോർഎപ്പിസ്കോപ്പന്മാർ, സുകൃതമുള്ള ദയറാക്കാർ, വെൺമയുള്ള കശീശന്മാർ, നിർമ്മലരായ ശെമ്മാശന്മാർ എന്നിവർക്കും വിശ്വാസികളായ സകല സുറിയാനി ജനതയ്ക്കും ദൈവമാതാവായ മറിയാമിന്റെയും സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ ദിവ്യസമാധാനവും അപ്പോസ്തോലിക വാഴ്വും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആമ്മീൻ.

നിങ്ങളുടെ ആത്മികവും ശാരീരികവുമായ ക്ഷേമം അന്വേഷിച്ചുകൊണ്ട് നാം പറയുന്നത്:- "സമാധാനം നടത്തുന്നവർ ഭാഗ്യവാന്മാർ. അവർ ദൈവമക്കൾ എന്നു വിളിക്കപ്പെടും" എന്ന് കർത്താവ് അരുളിചെയ്തിരിക്കുന്നു. "സമാധാനം" എന്ന വചനം എത്ര ഇമ്പവും, ശ്രവണമധുരവും ഹൃദയാവർജ്ജകവുമാകുന്നു. എന്തെന്നാൽ സമാധാനം ഇടിഞ്ഞവയെ പണിയുകയും, വിടവുകളെ അടയ്ക്കുകയും, ഹൃദയങ്ങളെ സംയോജിപ്പിക്കുകയും, ഒരു ജനതയുടെ അവയവങ്ങളെ കൂട്ടിച്ചേർത്ത് വളർത്തുകയും ഏക സഭയുടെ മക്കളെ ഏക ഐക്യതയിലേക്ക് കൊണ്ടുവരികയും ചെയ്യുന്നു. സ്വർഗ്ഗം ഭൂമിയോട് കോപിച്ചിട്ട് അയ്യായിരം സംവത്സരങ്ങൾക്കു ശേഷം, രക്ഷാകരമായ മനുഷ്യാവതാരം മുഖാന്തരം ഇതുപോലൊരു മാസത്തിൽ ദൈവം ആ വിശുദ്ധ സമാധാനം ഭൂതലത്തിനു നൽകി.

ഏതാണ്ട് അമ്പത് സംവത്സരങ്ങൾക്കു മുമ്പ് മലങ്കര സുറിയാനി സഭ

യിൽ ആവിർഭവിച്ചതായ തർക്കം, നാനാപ്രകാരേണ സഭയെ ക്ഷീണി പ്പിച്ച് ക്ഷയിപ്പിച്ചു എന്ന കാര്യം ഒരു രഹസ്യമല്ല. പ്രാരംഭം മുതലെ സഭാ സ്നേഹികളും ദൈവഭക്തരുമായ അനേകരും സമാധാനവും ഐക്യവും ഈ ഭിന്നതയ്ക്ക് ഒരു പരിഹാരവും ദർശിക്കുന്നതിന് ഏറ്റം ആഗ്രഹിച്ചി രുന്നിട്ടും അത് സാധിക്കാതെ ദുഃഖനിമഗ്നരായി ഐഹികവാസം വെടി യുവാനിടയായി. നാമും മലങ്കരസഭയിൽ സമാധാനവും ഏകഗാത്ര ത്തിന്റെ അവയവങ്ങളുടെ ഐക്യവും, കാണുന്നതിന് പണ്ടേ തന്നെ അഭി ലഷിച്ചിരുന്നു.

പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിന്മേലുള്ള നമ്മുടെ സ്ഥാനാ രോഹണത്തിനു ശേഷം, നിങ്ങൾക്കയച്ച നമ്മുടെ ശ്ലൈഹികമായ ഔദ്യോഗിക ലേഖനത്തിൽ ഈ വാഞ്ഛ നാം വിശദമാക്കിയിട്ടുണ്ട്. നമ്മുടെ ഈ അഭിവാഞ്ഛ തണുത്തുപോകാതെ ദൈനംദിനം തീക്ഷ്ണ മായി ശക്തിപ്പെട്ടു വരികയും നാം മുഖാന്തരം ഈ വിടവ് അടയ്ക്കു വാൻ തക്കവണ്ണം ദൈവംതമ്പുരാൻ പ്രസാദിക്കുകയും ചെയ്തിരിക്കുന്നു. തന്റെ നാമത്തിനു മഹത്വം.

മലങ്കരസഭയിൽ സമാധാനം സ്ഥാപിക്കേണ്ടതിലേക്കായി ഇതിനാൽ മോർ ബസ്സേലിയോസ് ഗീവറുഗീസിനെ കാതോലിക്കോസായി നാം സ്വീകരിച്ചിരിക്കുന്നു.

ആകയാൽ നിങ്ങൾ ആനന്ദഭരിതരായി ഭവിക്കുന്ന സമാധാനത്തിന്റെ ഈ മാസത്തിൽ ശാന്തിയുടെ സ്വാഗതാർഹവും, ഹൃദ്യവുമായ ഭാവുക ങ്ങൾ നിങ്ങൾക്ക് ഇതോടൊപ്പം നാം ആശംസിക്കുന്നു. കർത്താവ് തന്റെ ഐശ്വര്യമേറിയ അനുഗ്രഹങ്ങൾ നിങ്ങളുടെമേൽ വർഷിക്കുന്നതിനു നാം പ്രാർത്ഥിക്കുന്നു. അസൂയാർഹവും സകല സുകൃതങ്ങളാലും സമലം കൃതവും ആയ ജനമായി നിങ്ങൾ തീരുന്നതിനുവേണ്ടി തന്റെ ഉത്തമ തിരുഹിതത്തിന് പ്രീതികരമായ ദിവ്യപരിപാലനം കൊണ്ടും ആരോഗ്യം കൊണ്ടും സുഭിക്ഷതകൊണ്ടും ദൈവംതമ്പുരാൻ നിങ്ങളെ ധന്യരാക്കി തീർക്കുമാറാകട്ടെ.

ആയതു തന്റെയും തന്റെ പിതാവിന്റെയും പരിശുദ്ധ റൂഹായുടെയും കൃപയാലും, കരുണയാലും തന്നെ. ആമ്മീൻ.

ആകാശങ്ങളിലിരിക്കുന്ന...

നമ്മുടെ പാത്രിയർക്കാ വാഴ്ചയുടെ രണ്ടാം ആണ്ട് ക്രിസ്തബ്ദം 1958 ഡിസംബർ 9-നു സിറിയായിൽ ഹോംസിലെ നമ്മുടെ അരമനയിൽ നിന്നും.

(ശരി തർജ്ജിമ)

## 2

# പ. കാതോലിക്കാ ബാവാ തിരുമനസ്സിലെ സഭാസമാധാന കല്പന

നമ്പർ 105

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനുമായ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)

വിശുദ്ധ മാർതോമ്മാ ശ്ലീഹായുടെ പൗരസ്ത്യ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന ബലഹീനനായ രണ്ടാമത്തെ ഗീവറുഗീസ് എന്ന് അഭിധാനമുള്ള ബസ്സേലിയോസ് കാതോലിക്കാ.

(മുദ്ര)

നമ്മുടെ അധികാരസീമയിൽപ്പെട്ട നമ്മുടെ സ്നേഹഭാജനങ്ങളായ മേല്പട്ടക്കാർ, പട്ടക്കാർ, ശെമ്മാശന്മാർ ഇവർക്കും വിശ്വാസികളായ ജനങ്ങൾക്കും ദൈവിക കൃപയും അപ്പോസ്തോലിക വാഴ്വും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

ദീർഘകാലമായി നമ്മുടെ സഭയിൽ നിലനിന്നുവന്ന അസമാധാനവും കലഹങ്ങളും അവസാനിപ്പിക്കുന്നതിനു കാലം ചെയ്ത മാർ ഗീവറുഗീസ് ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും നാമും പല ശ്രമങ്ങളും നടത്തിയതിൽ സമാധാനം കൈവരുത്തുന്നതിനു സാധിക്കാതെയിരുന്നതിൽ നാം എപ്പോഴും ദുഃഖത്തിൽ ഇരുന്നിരുന്നു. എന്നാൽ അസമാധാനം തീർത്ത് ഒന്നായിത്തീരുന്നതിനുള്ള സന്നദ്ധത കാണിച്ചു നാം ഒന്നായി ച്ചേർന്നിരിക്കുന്നതിനാൽ നാം അത്യധികം സന്തോഷിക്കുകയും ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യുന്നു.

സഭയിലെ സമാധാനത്തിനുവേണ്ടി മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ പാസ്സാക്കി നടപ്പിലിരിക്കുന്ന ഭരണഘടനയ്ക്കു വിധേയമായി മോറാൻ മാർ ഇഗ്നാത്യോസ് യാക്കൂബ് തൃതീയനെ അന്ത്യോഖ്യാ പാത്രിയർക്കീസ് ആയി സ്വീകരിക്കുന്നതിന് നാം പ്രസാദിച്ചിരിക്കുന്നു.

അദ്ദേഹത്തിന്റെ കീഴിൽ മലങ്കരയുള്ള മേല്പട്ടക്കാരെയും ടി ഭരണഘടനയിലെ വ്യവസ്ഥകൾക്ക് അനുസരണമായി സ്വീകരിക്കുന്നതിനു നമുക്ക് സന്തോഷമുണ്ട്.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവ

മാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും ഇൻഡ്യയുടെ കാവൽപിതാവായ മാർത്തോമ്മാശ്ലീഹായുടെയും ശേഷമുള്ള എല്ലാ ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ.

ആമ്മീൻ

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ... ഇത്യാദി.

എന്ന്

എന്ന് 1958 ഡിസംബർ 16-ാം തീയതി

കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും

**3**

സഭയിൽ സമാധാനം സ്ഥാപിതമായതിനെ തുടർന്ന് പൗലൂസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ തിരുമേനി പ. കാതോലിക്കാ ബാവാ തിരുമനസ്സിലെ മുമ്പാകെ 22-12-1958-ൽ എഴുതി വച്ച പ്രതിജ്ഞാപത്രം.

POULOSE PHILOXINOS
METROPOLITAN

Gethsemene Ashram
Piramadom
Mannathoor P. O.
Moovattupuzha
Kerala State, India

22-12-1958

പൗരസ്ത്യ കാതോലിക്കാ നി. വ. ദി. മ. ശ്രീ. മോറാൻ മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ ബാവാ തിരുമനസ്സിലേയ്ക്ക്.

സഭയിൽ സമാധാനം ഇല്ലാതെ വളരെക്കാലം കഴിഞ്ഞശേഷം ദൈവകൃപയാൽ ഈ മാസം 16-നു അസമാധാനം അവസാനിപ്പിച്ചു യോജിക്കുന്നതിന് ഇടയായതിൽ ഞാൻ ദൈവത്തെ സ്തുതിക്കുന്നു.

സഭയുടെ ഭാവി കാര്യങ്ങൾ തിരുമനസ്സിലെ ആജ്ഞയിൻകീഴിൽ ഭംഗിയായി നടക്കുമെന്നു വിശ്വസിക്കുന്നു. അവയുടെ നിവർത്തിക്കു സഭയുടെ കാനോനാകളും നടപ്പിലിരിക്കുന്ന ഭരണഘടനയും അപ്പഴപ്പോൾ തിരുമേനി നൽകുന്ന നിർദ്ദേശങ്ങളും അനുസരിച്ച് എപ്പോഴും ഞാൻ പ്രവർത്തിച്ചുകൊള്ളാമെന്ന് അറിയിച്ചുകൊള്ളുന്നു.

കണ്ടനാട് ഭദ്രാസന ഇടവകയുടെ

പീലക്സിനോസ് മെത്രാപ്പോലീത്താ (ഒപ്പ്)

സഭയിൽ സമാധാനം സ്ഥാപിതമായതിനെ തുടർന്ന് മെത്രാസന ഇടവകഭരണത്തിൽ ചില ക്രമീകരണങ്ങൾ ആവശ്യമായി വരികയാൽ അസോസ്യേഷൻ മാനേജിംഗ് കമ്മിറ്റിയുടെ ആലോചനയോടും എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ ശുപാർശപ്രകാരവും പ. കാതോലിക്കാ ബാവാ തിരുമേനി മേല്പട്ടക്കാർക്ക് ഇടവകകൾ തിരിച്ചു കൊടുത്തതനുസരിച്ച് കണ്ടനാട് മെത്രാസനം ജോയിന്റ് മെത്രാപ്പോലീത്തന്മാരായി ഭരിക്കുന്നതു സമ്മതിച്ച് ഔഗേൻ മാർ തിമോത്തിയോസ് മെത്രാപ്പോലീത്തായും പൗലൂസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായും ചേർന്ന് പ. കാതോലിക്കാ ബാവാ തിരുമനസ്സിലെ മുമ്പാകെ എഴുതിവച്ച വ്യവസ്ഥകൾ.

1. കണ്ടനാടിന്റെ ഇപ്പോഴത്തെ മെത്രാപ്പോലീത്തന്മാർ രണ്ടുപേർക്കും കണ്ടനാടിന്റെ മെത്രാപ്പോലീത്തന്മാർ എന്ന നിലയിൽ പ്രത്യേകം പ്രത്യേകമായും യോജിച്ചും കല്പന അയയ്ക്കാവുന്നതാകുന്നു.

2. കണ്ടനാടിന്റെ പൊതു ഇടവകയോഗം മുതലായ പൊതുക്കാര്യങ്ങൾക്ക് രണ്ടുപേരും ഒരുമിച്ച് പേരു വച്ചും കല്പന അയയ്ക്കേണ്ടതാണ്. ആ യോഗങ്ങളിൽ മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷം വഹിക്കേണ്ടതും മാർ പീലക്സീനോസ് മെത്രാപ്പോലീത്തായുടെ സാന്നിദ്ധ്യം ഉണ്ടായിരിക്കേണ്ടതുമാകുന്നു.

3. ഓരോ ഇടവകപ്പള്ളിക്കാര്യങ്ങളും തർക്കമുണ്ടായാൽ മെത്രാപ്പോലീത്തന്മാർ രണ്ടുപേരും കൂടി തീർക്കേണ്ടതാണ്.

4. മെത്രാപ്പോലീത്തന്മാർ രണ്ടുപേരും തമ്മിൽ നിലവിലുള്ള കേസുകൾ എല്ലാം 1959 മാർച്ച് 1-ാം തീയതിക്ക് മുമ്പ് തീർക്കേണ്ടതാണ്.

5. പള്ളിക്കണക്കുകൾ കേൾക്കുക, കൈക്കാരന്മാരെ അനുവദിച്ചു നിയമിക്കുക മുതലായ കാര്യങ്ങൾ മെത്രാപ്പോലീത്തന്മാർ രണ്ടുപേരും കൂടി യഥാകാലം യോജിച്ചു ചെയ്യേണ്ടതാണ്.

6. മെത്രാസനഭോഗങ്ങൾ രണ്ടു മെത്രാപ്പോലീത്തന്മാരും മേലാൽ ഒരുപോലെ ഭാഗിച്ചെടുക്കേണ്ടതും മാർ പീലക്സീനോസ് മെത്രാപ്പോലീത്താ വാഴ്ച ഏറ്റതിനുശേഷമുള്ള കുടിശ്ശികകൾ രണ്ടുപേരും സമമായി ഭാഗിച്ചെടുക്കേണ്ടതും അതിനു മുമ്പുള്ള കുടിശ്ശികകൾ തിമോഥെയോസ് മെത്രാപ്പോലീത്താ തനിച്ചെടുക്കേണ്ടതുമാണ്.

7. ചെറായി അലയൻസ് ബാങ്കിൽ മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ ചേർന്നു നടന്നുവരുന്ന ചിട്ടിപ്പണവും ചാത്തമറ്റം റബ്ബർതോട്ട

ത്തിന്റെ ആദായവും മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായ്ക്കിരിക്കേണ്ടതാണ്.

8. മേല്പറഞ്ഞ നിശ്ചയങ്ങൾ അടുത്തുണ്ടാകുന്ന ഭദ്രാസനങ്ങളുടെ പുനർ വിഭജനം വരെ മാത്രം നിലനില്ക്കുന്നതാണ്.

ഈ വ്യവസ്ഥകൾ ഞങ്ങൾ സമ്മതിച്ചിരിക്കുന്നു.

ഔഗേൻ മാർ തീമോഥെയോസ് (ഒപ്പ്)

പൗലൂസ് മാർ പീലക്സീനോസ് (ഒപ്പ്)

**5**

## മെത്രാസന ഇടവക വിഭജന കല്പന

നമ്പർ 31/59

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനുമായ ത്രീയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ പൗരസ്ത്യ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന ബലഹീനനായ രണ്ടാമത്തെ ഗീവറുഗീസ് എന്ന് അഭിധാനമുള്ള ബസ്സേലിയോസ് കാതോലിക്കാ.

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

അന്ത്യോഖ്യായുടെ മോറാൻ മാർ ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവായും നാമും പരസ്പരം കല്പനകൾ മൂലം സ്വീകരിക്കുകയും നമ്മുടെ സഭയിൽ സഭാ സമാധാനം സ്ഥാപിതമാകയും ചെയ്തതിനെ തുടർന്ന് നമ്മുടെ മലങ്കര മഹാ ഇടവകയിലെ മെത്രാസന ഇടവകകളുടെ ഭരണം സംബന്ധിച്ച് ചില ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടത് അത്യാവശ്യമായിത്തീരുകയാൽ മലങ്കര അസോസ്യേഷൻ മാനേജിംഗ് കമ്മിറ്റിയും എപ്പിസ്ക്കോപ്പൽ സുന്നഹദോസും നാം വിളിച്ചുകൂട്ടി അക്കാര്യത്തെപ്പറ്റി പര്യാലോചിച്ചതിൽ ആധുനിക സ്ഥിതിഗതികൾ പരിഗണിച്ച് മെത്രാസന ഇടവകകൾ പുനർ വിഭജനം ചെയ്യണമെന്ന് അഭിപ്രായമുള്ളതുകൊണ്ട് മുറപ്രകാരമുള്ള നടപടികൾ നടത്തി ആ സംഗതി തീരുമാനിക്കുന്നതുവരെ താല്ക്കാലികമായി ഭരണം നടത്തുന്നതിന് മാനേജിംഗ് കമ്മിറ്റിയുടെ ആലോചനയോടു കൂടിയും എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ ശുപാർശ അനുസരിച്ചും താഴെ വിവരിക്കുന്നപ്രകാരം മേല്പട്ടക്കാർക്ക് ഇടവകകൾ തിരിച്ചുകൊടുത്ത്

അവയുടെ ഭരണത്തിന് അവരെ നാം അധികാരപ്പെടുത്തിയിരിക്കുന്നു. ഈ താൽക്കാലിക ക്രമീകരണമനുസരിച്ച് മലബാർ മെത്രാസനം പത്രോസ് മാർ ഒസ്താത്തിയോസ് എപ്പിസ്ക്കോപ്പായും കൊച്ചി മെത്രാസനം പൗലൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായും അങ്കമാലി മെത്രാസനം ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും കണ്ടനാട് മെത്രാസനം ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായും, പൗലൂസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായും ഒരുമിച്ചും, കോട്ടയം മെത്രാസനം കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ സീനിയർ മെത്രാപ്പോലീത്തായായും, മാത്യൂസ് മാർ ഈവാനിയോസ് എപ്പിസ്ക്കോപ്പാ സഹായമെത്രാനായും നിരണം മെത്രാസനം  മാർ തോമ്മാ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും, തുമ്പമൺ മെത്രാസനം ദാനിയേൽ മാർ പീലക്സീനോസ് എപ്പിസ്കോപ്പായും കൊല്ലം മെത്രാസനം അലക്സിയോസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്താ സീനിയർ മെത്രാപ്പോലീത്തായായും മാത്യൂസ് മാർ കൂറിലോസ് എപ്പിസ്കോപ്പാ സഹായ മെത്രാനായും ഭരിക്കുന്നതാകുന്നു. ക്നാനായ വിഭാഗത്തിന്റെ പ്രത്യേക സ്വഭാവത്തെയും കീഴ്നടപടികളേയും ആദരിച്ച് ക്നാനായ സമുദായാംഗങ്ങൾ ചേർന്നു നടക്കുന്ന പള്ളികൾ എല്ലാം കൂടി ഒരു മെത്രാസന ഇടവകയായിരിക്കണമെന്നും ആ മെത്രാസനത്തിന്റെ ഭരണം ഏബ്രഹാം മാർ ക്ലീമ്മീസ് മെത്രാപ്പോലീത്താ നടത്തണമെന്നും ആ മെത്രാസനവും മലങ്കരസഭയുമായുള്ള ബന്ധം അതേപ്പറ്റി പഠിച്ച് എപ്പിസ്കോപ്പൽ സുന്നഹദോസിനു റിപ്പോർട്ടു ചെയ്യുന്നതിന് നിയമിക്കപ്പെട്ടിട്ടുള്ള കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിയശേഷം നിർണ്ണയിക്കണമെന്നും തീരുമാനിച്ചിരിക്കുന്നതും അതനുസരിച്ച് ആ മെത്രാസനം മാർ ക്ലീമ്മീസ് മെത്രാപ്പോലീത്താ ഭരിക്കുന്നതും ആകുന്നു. മലങ്കര മെത്രാപ്പോലീത്തായുടെ ആസ്ഥാനമായ കോട്ടയത്തുള്ള കോട്ടയം ചെറിയപള്ളി അതോടു ബന്ധപ്പെട്ട പള്ളികളും ചാപ്പലുകളും അവയോടു കൂടി മാർ ഏലിയാ ചാപ്പൽ ഇടവകയും മലങ്കര മെത്രാപ്പോലീത്തായുടെ നേരിട്ടുള്ള ഭരണത്തിൽ തുടരുന്നതാകുന്നു.

മലങ്കരയ്ക്കു വെളിയിലുള്ള ഇടവകകളുടെ ഭരണം അലക്സിയോസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്താ നിർവഹിക്കണമെന്നും നാം തീരുമാനിച്ചിരിക്കുന്നു.

അനുഗ്രഹിക്കപ്പെട്ട വാത്സല്യമക്കളെ, ദീർഘകാലമായി നമ്മുടെ ഇടയിൽ നിലനിന്നിരുന്ന കക്ഷിഭിന്നതകളും തർക്കങ്ങളും അവസാനിക്കയും സമാധാനം കൈവരികയും നാം ഒന്നായിത്തീരുകയും ചെയ്തിരിക്കുന്നതിനാൽ ഈ സൗഭാഗ്യം നമുക്കു നല്കിയ കാരുണ്യവാനായ ദൈവത്തെ സ്തുതിക്കുകയും തന്നിൽ ആശ്രയിച്ചുകൊണ്ട് സഭയുടെ

വളർച്ചയ്ക്കും പുരോഗമനത്തിനും ആയി ഉത്സാഹപൂർവ്വം പ്രവർത്തിക്കുകയും ചെയ്യണം. നിങ്ങൾ ദൈവഭയത്തിലും സത്യവിശ്വാസത്തിലും വളരണം. സഭയുടെ നിയമങ്ങൾ പാലിക്കുകയും പാരമ്പര്യങ്ങൾ പുലർത്തുകയും ചെയ്യണം. നിങ്ങളെ സത്യവിശ്വാസത്തിൽ വളർത്തുന്നതിനും നേർവഴിയിലൂടെ നടത്തുന്നതിനും പ്രബോധിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഗുണദോഷിക്കുന്നതിനും ശാസിക്കുന്നതിനും അധികാരവും കടമയും ഉള്ള നിങ്ങളുടെ പിതാക്കന്മാരും ഇടയന്മാരും ആയ ഇടവക മെത്രാപ്പോലീത്തന്മാരെ നിങ്ങൾ അനുസരിക്കുകയും അവരുടെ ഉപദേശങ്ങൾ സ്വീകരിക്കുകയും കല്പനകൾ പ്രമാണിക്കുകയും മെത്രാസന ഭോഗങ്ങൾ കൊടുക്കുകയും ചെയ്യണം. എല്ലാ ഇടവകകളിലെയും പ്രവർത്തനങ്ങൾ സഭാഭരണഘടനയ്ക്കു വിധേയമായി നടത്തുകയും നമ്മുടെ സഭയിൽ മേൽക്കുമേൽ സമാധാനവും സംപ്രീതിയും വർദ്ധിച്ചുവരുവാനും ദൈവതിരുനാമം മഹത്വപ്പെടുവാനും തക്കവണ്ണം എല്ലാ കാര്യങ്ങളും ക്രമപ്പെടുത്തിക്കൊള്ളുകയും ചെയ്യണം. ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ വി. കന്യകമറിയാമിന്റെയും ഇൻഡ്യയുടെ കാവൽ പിതാവായ മാർ തോമ്മാ ശ്ലീഹായുടെയും ശേഷം എല്ലാ പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ............ ഇത്യാദി.

എന്ന് 1959 ഫെബ്രുവരി 25–ാംനു
കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും.

**6**

മാർ പീലക്സീനോസ് മെത്രാപ്പോലീത്താ പ്രസിദ്ധപ്പെടുത്തിയതും പ. പാത്രിയർക്കീസ് ബാവാ തിരുമേനിയുടേതായി വിവരിക്കുന്നതും മാർ യൂലിയോസ് മെത്രാപ്പോലീത്താ ശരി തർജ്ജിമ സാക്ഷ്യപ്പെടുത്തി ഒപ്പിട്ടിട്ടുള്ളതും ആയ കല്പന.

SYRIAN PATRIARCHATE OF ANTIOCH
AND ALL THE EAST

HOMS SYRIA

(മുദ്ര)

നമ്പർ 381

നമ്മുടെ ആത്മീയ വാത്സല്യവാൻ കണ്ടനാട് ഇടവകയുടെ ബഹുമാനപ്പെട്ട പൗലൂസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായ്ക്ക് നമ്മുടെ കർത്താവിൽ വാഴ്വും സമാധാനവും വർദ്ധിച്ചിരിക്കുമാറാകട്ടെ.

നിങ്ങളുടെ ക്ഷേമം അന്വേഷിച്ചതിനുശേഷം നാം പറയുന്നത്, നിങ്ങളുടെ 28-9-1959-ലെ എഴുത്തു പൂർണ്ണമായി വായിച്ച് അതിന്റെ ആശയം നാം ശരിയായി ഗ്രഹിച്ചു. അവിടെ നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങളും, വേദനാജനകങ്ങളായ കാര്യങ്ങളും നമ്മെ അഗാധമായി സ്പർശിച്ചു. ഭിന്നിച്ചിരുന്നവരുടെ ഇടയിൽ ഹൃദയപൂർവ്വം നാം ഉണ്ടാക്കിയ സമാധാനത്തെക്കുറിച്ച് പരിപൂർണ്ണമായി നാം മനസ്താപിച്ചു. എന്തെന്നാൽ അവർ യഥാർത്ഥ സമാധാന സ്നേഹികൾ അല്ല. എന്നാലോ അവരുടെ വൈകാരികാഭിലാഷത്തെ പൂരിപ്പിക്കുന്നവർ മാത്രമെന്ന് വ്യക്തമായി നമുക്ക് ബോദ്ധ്യപ്പെട്ടു. ആരംഭം മുതലെ നമ്മെ ഭരമേല്പിച്ചിരിക്കുന്ന ഏകജാതന്റെ രക്തത്താൽ രക്ഷിക്കപ്പെട്ട ചെറിയ ആട്ടിൻകൂട്ടത്തെ കൈവെടിയുവാൻ ചുമതലാബോധം നമ്മെ അശേഷം അനുവദിക്കുന്നില്ല.

ആകയാൽ നിങ്ങളുടെ നിലപാടിനെ നാം അഭിനന്ദിച്ചുകൊണ്ട് നിങ്ങളുടെ അപേക്ഷയെ നാം സ്വീകരിക്കുകയും ന്യായാനുസൃത മെത്രാപ്പോലീത്തന്മാരില്ലാത്ത കണ്ടനാട്ടും, കോട്ടയത്തും, തെക്കുമുള്ള ഭദ്രാസന ഇടവകകളിലെ പള്ളികളെ ദൈവഭക്തിയിലും സത്യവിശ്വാസത്തിലും അന്ത്യോഖ്യായുടെ വി. സിംഹാസനത്തോടുള്ള ന്യായാനുസൃതമായ കീഴ്വഴക്കത്തിലും അവയുടെ നിലനില്പിനും അഭിവൃദ്ധിക്കും ആവശ്യമായ കാര്യങ്ങൾ നമ്മുടെ ശ്രേഷ്ഠ പ്രതിനിധി മാർ യൂലിയോസുമായി ആലോചിച്ച് ഭരിച്ചു നടത്തുവാനായി നിങ്ങളുടെ മേൽനോട്ടത്തിലും അധികാരത്തീൻകീഴിലും അവയെ നാം സ്ഥിരപ്പെടുത്തുന്നു. കർത്താവ് തന്റെ ഉത്തമ ഇഷ്ടത്തിനു പ്രസാദകരമായ സകലത്തിങ്കലേക്കും നിങ്ങളെ കൈയ്ക്കു പിടിച്ച് നടത്തട്ടെ എന്നു നാം പ്രാർത്ഥിക്കുന്നു. ഇവ ഇവിടെ അവസാനിക്കട്ടെ.

ആകാശങ്ങളിലിരിക്കുന്ന ഞങ്ങളുടെ ബാവാ................

ഹോംസ്

18-10-1950

യൂലിയോസ് മെത്രാപ്പോലീത്താ (ഒപ്പ്)

(ശരി തർജ്ജിമ)

## 7

# മണർകാട് യോഗത്തിനുള്ള മാർ പീലക്സീനോസ് മെത്രാപ്പോലീത്തായുടെ കല്പന

നമ്പർ 406

ദൈവകൃപയാൽ
കണ്ടനാട്, കോട്ടയം, കൊല്ലം മുതലായ ഭദ്രാസനങ്ങളുടെ
പൗലൂസ് പീലക്സീനോസ് മെത്രാപ്പോലീത്തായിൽ നിന്ന്

(മുദ്ര)

നമ്മുടെ ... പള്ളിയിലെ ബ. വികാരിയും സഹ വൈദികരും, കൈക്കാരന്മാരും, ജനങ്ങളുമാകുന്ന വാത്സല്യവാന്മാർക്ക് കർത്താവിൽ വാഴ്വ്.

പ്രിയരെ! സസ്നേഹം അറിയിക്കുന്നത്:-

മലങ്കരസഭയേയും നമ്മുടെ ഇടവകകളേയും പ്രത്യേകമായി ബാധിക്കുന്ന പല പ്രശ്നങ്ങളും നാം ഇപ്പോൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ ഈ ദുർഘടസന്ധിയിൽ ആ കാര്യങ്ങളെ കുറിച്ചൊക്കെയും ചർച്ച ചെയ്തു ആവശ്യമായ തീരുമാനങ്ങൾ എടുക്കേണ്ടതിലേക്ക് ഒരു ആലോചനായോഗം മണർകാട് വി. മർത്തമറിയം പള്ളിയിൽ വച്ച് മെയ് മാസം 16-നു തിങ്കളാഴ്ച പകൽ രണ്ടു മണിക്ക് അടിയന്തിരമായി കൂടുന്നതിന് നിശ്ചയിച്ചിരിക്കുകകൊണ്ട്, നിങ്ങളുടെ ഇടവക യോഗം അടിയന്തിരമായി കൂടി പ്രതിപുരുഷന്മാരെ തിരഞ്ഞെടുത്ത് സാക്ഷ്യപ്പെടുത്തി പള്ളിച്ചിലവിൽ അയയ്ക്കണമെന്ന് താല്പര്യപ്പെടുന്നു.

ശേഷം പിന്നാലെ, സർവശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

ആകാശങ്ങളിലിരിക്കുന്ന ...

മണർകാട് വി. മർത്തമറിയം പള്ളിയിൽ നിന്ന്,
4-5-1960

## 8

# മാർ ഗ്രീഗോറിയോസ്, മാർ ക്ലീമ്മീസ് എന്നീ തിരുമേനിമാർ എപ്പിസ്കോപ്പൽ സുന്നഹദോസിൽ സമർപ്പിച്ച റിപ്പോർട്ട്

1960 ഏപ്രിൽ മാസം 28-നു പഴയസെമിനാരിയിൽ വെച്ചു കൂടിയ എപ്പിസ്കോപ്പൽ സുന്നഹദോസ് നിശ്ചയമനുസരിച്ച് പൗലൂസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായേയും ബന്ധപ്പെട്ട പലരേയും ഞങ്ങൾ പല പ്രാവശ്യം സന്ദർശിക്കുകയും അവരുമായി സുദീർഘമായ ചർച്ചകൾ നടത്തുകയും ചെയ്തതനുസരിച്ച് ലഭിച്ച വിവരങ്ങൾ ഈ റിപ്പോർട്ട് മുഖാന്തിരം എപ്പിസ്കോപ്പൽ സുന്നഹദോസിനു സമർപ്പിച്ചുകൊള്ളുന്നു.

പീലക്സീനോസ് മെത്രാപ്പോലീത്തായ്ക്കു സഭയിൽ നിന്നു വിട്ടു നില്ക്കണമെന്നോ, സഭയിൽ പിരിച്ചിൽ (ഭിന്നിപ്പ്) ഉണ്ടാക്കണമെന്നോ, സഭാഭരണം തകരാറിൽ ആക്കണമെന്നോ സഭാ തലവനെ ധിക്കരിക്കണമെന്നോ അശേഷം ആഗ്രഹമില്ലെന്നും പ്രത്യുത മലങ്കരസഭയിലെ ഇന്നത്തെ സാഹചര്യങ്ങളെപ്പറ്റി അദ്ദേഹത്തിനു അത്യധികം ഉൽക്കണ്ഠ ഉണ്ടെന്നും ഞങ്ങൾക്കു മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ട്. സാഹചര്യം ലഭിച്ചാൽ സഹകരിച്ചുപോകുവാനും പൂർണ്ണ സമാധാനത്തിൽ സഭ ഉത്തരോത്തരം പുരോഗമിച്ചു കാണുവാനും അദ്ദേഹം ആകാംക്ഷയോടെ നോക്കിപ്പാർത്തുകൊണ്ടിരിക്കയാണെന്നും സംശയരഹിതമായി റിപ്പോർട്ടു ചെയ്യുവാൻ ഞങ്ങൾക്കു സന്തോഷമുണ്ട്. എന്നാൽ അദ്ദേഹം തല്ക്കാലം പിന്മാറി നില്ക്കുന്നതിനു ഉന്നയിക്കുന്ന കാരണങ്ങളിൽ പ്രധാനമായവ താഴെ ചേർക്കുന്നു.

1. പ. സഭയിൽ വൈകാരിക ഐക്യം കൈവരുത്തുന്നതിനു സഭാ തലവനായ പ. പാത്രിയർക്കീസ് ബാവാ തിരുമേനിയെ മലങ്കരയിലേക്കു ക്ഷണിച്ചു വരുത്തേണ്ടതാണെന്ന് അദ്ദേഹം വിശ്വസിക്കുന്നു. അദ്ദേഹത്തിന്റെ ഈ അഭിപ്രായം സഭയിലുള്ള അനേകായിരങ്ങളുടെ ആഗ്രഹത്തെ പ്രതിബിംബിക്കുന്നതാണ്. പ. പിതാവിന്റെ സാന്നിദ്ധ്യം മലങ്കര സഭയിൽ പൂർണ്ണ സമാധാനവും സൗഹാർദ്ദതയും കൈവരുത്തുന്നതിന് പര്യാപ്തമാണെന്ന് അവർ വിശ്വസിക്കുന്നതു തികച്ചും ശരിയാണെന്നുള്ള അഭിപ്രായമാണ് ഞങ്ങൾക്കുള്ളത്.

2. 1959 ഫെബ്രുവരിയിൽ കൂടിയ മാനേജിംഗ് കമ്മിറ്റിയിലും അതിനു ശേഷം നടന്ന സുന്നഹദോസിലും ഭദ്രാസന ഇടവകകളുടെ താല്ക്കാലിക ക്രമീകരണം സംബന്ധിച്ചുണ്ടായിട്ടുള്ള തീരുമാനങ്ങൾക്ക് ആസ്പ

ദമായ ധാരണ അനുസരിച്ചദ്ദേഹം ഭരിച്ചുപോന്നിരുന്ന ഭദ്രാസനങ്ങളിലെ പള്ളികൾ തുടർന്ന് അദ്ദേഹത്തിനു ഭരിക്കാൻ അവകാശമുണ്ടായിരിക്കേണ്ടതാണ്. അദ്ദേഹം വിശ്വസിക്കുന്നതുപോലെ ഒരു ധാരണയുടെ അടിസ്ഥാനത്തിലാണ് ഭദ്രാസന ഇടവകകളുടെ താല്ക്കാലിക ക്രമീകരണം അന്ന് ഏർപ്പെടുത്തിയിരുന്നതെന്നുള്ളത് ഒരു പരമാർത്ഥം മാത്രമാണ്. ഈ ക്രമീകരണം സ്വീകരിക്കാൻ പല പള്ളിക്കാരും തയ്യാറാകാതെ വന്നേക്കാം എന്ന പ്രശ്നം മാനേജിംഗ് കമ്മിറ്റി ഈ വിഷയം പരിഗണിച്ച അവസരത്തിൽ ഞങ്ങൾ തന്നെയാണ് ഉന്നയിച്ചിട്ടുള്ളത്. അങ്ങനെ ഈ ക്രമീകരണം സ്വീകരിക്കുവാൻ വഴിപ്പെടാത്ത പള്ളികളുടെ ഭരണം അവ മുമ്പു ഭരിച്ചുകൊണ്ടിരുന്ന മെത്രാപ്പോലീത്തന്മാർ തന്നെ തുടരേണ്ടതാണെന്നുള്ള വ്യക്തമായ ധാരണയുടെ അടിസ്ഥാനത്തിലാണ് താല്ക്കാലിക ക്രമീകരണം അംഗീകരിക്കുവാൻ ഇടയായത്. ആ സ്ഥിതിക്ക് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായുടെ കണ്ടനാട് ഭദ്രാസനത്തിലെ ഭരണചുമതലകൾക്കു പുറമേ അദ്ദേഹം ഭരിച്ചുപോന്നിരുന്ന കോട്ടയം, കൊല്ലം എന്നീ ഭദ്രാസനങ്ങളിൽ അദ്ദേഹം തന്നെ ഭരണം തുടർന്നുകൊണ്ടുപോകണമെന്നു നിർബ്ബന്ധമുള്ള പള്ളികൾ സന്ദർശിക്കുന്നതിനും വൈകാരിക ഐക്യം ഉണ്ടാകുന്നതുവരെ അപ്രകാരമുള്ള പള്ളിക്കാരുടെ ആത്മികാവശ്യങ്ങൾ നടത്തിയും നടത്തിച്ചും കൊടുക്കുന്നതിനും അദ്ദേഹത്തിന് സ്വാതന്ത്ര്യം ഉണ്ടായിരിക്കേണ്ടതുമാണ്.

3. ഭരണഘടനയെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ നിലപാട് ജനഹിതത്തിനെതിരായി അതു നിർബ്ബന്ധമായി പള്ളിയിൽ നടപ്പിലാക്കുവാൻ പാടില്ലെന്നുള്ളതാണ്. പള്ളിക്കാരുടെ സഹകരണത്തോടും സമ്മതത്തോടും കൂടി മാത്രമേ ഭരണഘടന പള്ളികളിൽ നടപ്പിൽ വരുത്തുകയുള്ളു എന്ന് ഒരു പൊതു തത്വം അംഗീകരിക്കുന്നതു സഭാന്തരീക്ഷം ശാന്തമാക്കുവാൻ പ്രയോജനപ്പെടുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. അതിനാൽ ഭരണഘടന നടപ്പിൽ വരുത്തുവാൻ ശ്രമിച്ചതു മൂലം അസ്വസ്ഥത ആരംഭിച്ചിട്ടുള്ള പള്ളികളിൽ അവ ഇനിയും നിർബ്ബന്ധമായി നടപ്പിലാക്കുവാൻ ശ്രമിക്കാതിരിക്കുകയും ഭരണഘടന നടപ്പിൽ വരുത്തുവാനുള്ള ശ്രമം മൂലം ഉളവായിട്ടുള്ള വ്യവഹാരങ്ങൾ പിൻവലിക്കുകയും ചെയ്യേണ്ടത് വൈകാരിക ഐക്യം കൈവരുത്തുന്നതിന് അത്യന്താപേക്ഷിതമാണെന്ന് നിസ്തർക്കം പറയാവുന്നതാണ്.

4. കുന്നംകുളം സിംഹാസനപ്പള്ളിയെ സംബന്ധിച്ച് സഭാകേന്ദ്രം കൈക്കൊണ്ട നടപടി ന്യായീകരിക്കത്തക്കതല്ല എന്നുള്ളതാണ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായുടെ സുദൃഢമായ അഭിപ്രായം. അദ്ദേഹത്തിന്റെ ഈ അഭിപ്രായം സിംഹാസനപ്പള്ളികളെപ്പറ്റിയുള്ള സുന്നഹദോസിന്റെ തീരുമാനങ്ങൾക്കു അനുസരണമാണെന്ന് ഞങ്ങൾ

കാണുന്നു. സിംഹാനപ്പള്ളികളുടെ ഭാവി നടത്തിപ്പിനെ പറ്റി സിംഹാസന പ്രതിനിധിയുമായി കൂടിയാലോചന നടത്തി സുന്നഹദോസിൽ റിപ്പോർട്ട് സമർപ്പിക്കുവാൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായെ നിയോഗിച്ചിരിക്കയാണല്ലോ. തൽസംബന്ധമായ റിപ്പോർട്ട് സുന്നഹദോസിൽ ലഭിച്ച് അതിന്മേൽ നിശ്ചയങ്ങൾ സുന്നഹദോസ് കൈക്കൊള്ളുന്നതിനു മുമ്പ് കുന്നംകുളം സിംഹാസനപ്പള്ളിയുടെ ഭരണം സംബന്ധിച്ചു കേന്ദ്രം ഇടപെട്ടത് അനധികൃതമാണ്. സിംഹാസന പ്രതിനിധിയുടെ സഹകരണം ഈ പരിവർത്തനഘട്ടത്തിൽ മലങ്കരയ്ക്കു മുതൽ കൂട്ടുക മാത്രമേ ചെയ്യൂ എന്ന യാഥാർത്ഥ്യം അവഗണിക്കപ്പെടുന്നതു നയരഹിതമായിരിക്കും. എന്നാൽ കുന്നംകുളം സംഭവം അദ്ദേഹത്തിന്റെ സഹകരണം സഭയ്ക്കു നഷ്ടപ്പെടുത്തുകയാണ് ചെയ്തത്.

5. സമുദായക്കേസ് സംബന്ധിച്ചു മുൻ പാത്രിയർക്കീസ് പക്ഷക്കാരിൽ നിന്നും കോടതിച്ചെലവു ഈടാക്കുവാനുള്ള കേസ്സ് കുറവു ചെയ്യുന്നതാണെന്നുള്ള വാഗ്ദത്തങ്ങൾ നാളതുവരെ നിറവേറ്റാൻ കൂട്ടാക്കാഞ്ഞത് നീതീകരിക്കത്തക്കതല്ലെന്ന് മാർ പീലക്സീനോസ് മെത്രാപ്പോലീത്താ കരുതുന്നു. ഇത് സഭാസമാധാനം പൂർണ്ണമല്ല എന്ന് ഏവരേയും നിത്യേന ഓർമ്മപ്പെടുത്തുവാൻ പര്യാപ്തമാണെന്ന് ഞങ്ങൾക്കും അഭിപ്രായമുണ്ട്.

മേൽപറഞ്ഞ കാര്യങ്ങൾക്കു പരിഹാരമുണ്ടാക്കിയാൽ മാർ പീലക്സീനോസ് മെത്രാപ്പോലീത്താ ഈ സുന്നഹദോസിനോട് സഹകരിച്ച് പ്രവർത്തിക്കുമെന്നാണ് ഞങ്ങളുടെ വിശ്വാസം. വിശേഷിച്ചും സഭയുടെ ഈ സംയോജിപ്പിന്റെ പ്രാരംഭഘട്ടത്തിൽ പൊതുജനഹിതത്തിനെതിരായി ഒരു മെത്രാപ്പോലീത്തായുടെ പേരിൽ ശിക്ഷണ നടപടി എടുക്കുക എന്നത് സഭയെ വീണ്ടും വെട്ടിമുറിക്കുന്നതിനു സമമായിരിക്കും. പ. പാത്രിയർക്കീസ് ബാവായാൽ വാഴിക്കപ്പെട്ടു ഭരണമേറ്റിട്ടുള്ള ഒരു മെത്രാപ്പോലീത്തായുടെ മേൽ യോജിപ്പിനുശേഷം ആദ്യമായി ശിക്ഷണനടപടികൾ സ്വീകരിക്കുന്നത് പ. സിംഹാസനത്തോടുള്ള കൃതഘ്നതയായി മാത്രം പലരും കാണുവാൻ സംഗതിയാകുന്നതുമാണ്. ഒരു പക്ഷേ പ. പിതാവ് സഭാസമാധാനത്തിനു വേണ്ടി മുമ്പോട്ടുവച്ചു കാൽ പിറകോട്ടു വലിക്കുവാൻ അത് പ്രേരണ നൽകുമോ എന്നും കൂടി സംശയിക്കേണ്ടിയിരിക്കുന്നു. മാർ പീലക്സീനോസ് മെത്രാപ്പോലീത്തായുടേയും അദ്ദേഹത്തെ അനുകൂലിച്ചു നില്ക്കുന്ന പള്ളിക്കാരുടേയും ആഗ്രഹത്തെ ആദരിച്ച് അദ്ദേഹത്തിന്റേമേൽ നടപടികൾ ഒന്നുംതന്നെ എടുക്കാതെ അദ്ദേഹത്തെ സുന്നഹദോസിൽ വരുത്തുവാൻ ആവശ്യമായ എല്ലാവിധ സഹായസഹകരണങ്ങളും ചെയ്തുകൊടുക്കണമെന്ന് ഞങ്ങൾ ഹൃദയപൂർവ്വം അഭ്യർത്ഥിക്കുന്നു. ആയതിനാൽ അദ്ദേഹത്തിനുകൂടി സുന്ന

ഹദോസിൽ സഹകരിച്ചു പ്രവർത്തിക്കുവാനുള്ള സാഹചര്യം സൃഷ്ടിച്ച് സഭാന്തരീക്ഷം ശാന്തവും സമാധാന സമ്പൂർണ്ണവും ആക്കിത്തീർക്കണമെന്ന് സുന്നഹദോസ് അംഗങ്ങളോട് ഞങ്ങൾ സവിനയം അഭ്യർത്ഥിക്കുന്നു.

അങ്കമാലി ഇടവകയുടെ ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ (ഒപ്പ്)

ക്നാനായ ഇടവകയുടെ ഏബ്രഹാം മാർ ക്ലീമ്മീസ് മെത്രാപ്പോലീത്താ (ഒപ്പ്)

1960 മേയ് മാസം 27-നു
കോട്ടയം പഴയസെമിനാരി

**9**

നമ്പർ 61/60

പൌരസ്ത്യ കാതോലിക്കായും മലങ്കര ഓർത്തഡോക്സ് (യാക്കോബായ) സുറിയാനി സഭാ എപ്പിസ്കോപ്പൽ സുന്നഹദോസ് പ്രസിഡണ്ടും ആയ മോറാൻ മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ.

(മുദ്ര)

കണ്ടനാട് മെത്രാസന ഇടവകയുടെ ജോയിന്റ് മെത്രാപ്പോലീത്താ പൗലൂസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായെ അറിയിക്കുന്നത്.

മെത്രാച്ചൻ സഭയിൽ പിരിച്ചിൽ ഉണ്ടാക്കിയും സഭയ്ക്കും കാതോലിക്കേറ്റിനും സഭാ ഭരണഘടനയ്ക്കും നമുക്കും നമുക്കു തന്നിട്ടുള്ള പ്രതിജ്ഞയ്ക്കും നമ്മോടു സ്വീകരിച്ചിട്ടുള്ള മെത്രാസന ഭരണാധികാരത്തിനും എതിരായും മനഃപൂർവ്വം പ്രവർത്തിച്ചു വരുന്നു എന്നും മറ്റുമുള്ള ആരോപണങ്ങളെപ്പറ്റി മെത്രാച്ചനു നോട്ടീസ് തന്ന് നമ്മുടെ മലങ്കര എപ്പിസ്ക്കോപ്പൽ സുന്നഹദോസ് 1960 ഏപ്രിൽ 28-ാം തീയതിയും വീണ്ടും നോട്ടീസുകൾ തന്നു 1960 മെയ് 27, 1960 ജൂൺ 7 ഈ തീയതികളിലും കൂടി പര്യാലോചിച്ചതിൽ, മേൽ വിവരിച്ച കുറ്റങ്ങൾ മെത്രാച്ചൻ ചെയ്തിട്ടുണ്ടെന്ന് സുന്നഹദോസ് കാണുകയും അതനുസരിച്ച് മെത്രാച്ചനെ സംബന്ധിച്ച് ആവശ്യമായ തീരുമാനങ്ങൾ എടുക്കുകയും ചെയ്തിരിക്കുന്നു. പ്രസ്തുത തീരുമാനങ്ങൾ പ്രഖ്യാപനം ചെയ്തുകൊണ്ട് നാം മെത്രാച്ചനെ താഴെ വിവരിക്കുന്നപ്രകാരം അറിയിച്ചിരിക്കുന്നു.

1. കാതോലിക്കേറ്റിനും മലങ്കരസഭയുടെ ഐക്യത്തിനും സ്വാതന്ത്ര്യ

ത്തിനും എതിരായി പ്രവർത്തിക്കുകയും നമുക്കു നൽകിയിട്ടുള്ള ഉറപ്പുകളെ ലംഘിക്കുകയും സ്വയം മലങ്കരസഭയിൽ നിന്ന് ഇതരനായി പ്രവർത്തിക്കുന്ന വിവരം നമ്മെ അറിയിക്കുകയും ചെയ്തിരിക്കുന്ന കണ്ടനാട് ഇടവകയുടെ ജോയിന്റ് മെത്രാപ്പോലീത്താ ആയ മെത്രാച്ചൻ സ്വീകരിച്ചിരിക്കുന്ന നിലപാടിൽ സുന്നഹദോസിനുള്ള അഗാധമായ ഖേദം രേഖപ്പെടുത്തുന്നു. സഭയുടെ ഭാവിയെ പരിഗണിച്ച് മെത്രാച്ചൻ സ്വീകരിച്ചിരിക്കുന്ന നിലപാട് പുനഃപരിശോധന ചെയ്യുവാൻ മെത്രാച്ചൻ തയ്യാറാകുമെന്നും മെത്രാച്ചൻ ചെയ്തുവരുന്ന തെറ്റായ പ്രവർത്തികളിൽ നിന്നും പിൻതിരിയുമെന്നും സുന്നഹദോസ് പ്രതീക്ഷിക്കുകയും അതിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

2. മെത്രാച്ചൻ തിരിച്ചുവരികയും സുന്നഹദോസ് മെത്രാച്ചനെ സ്വീകരിക്കുകയും ചെയ്യുന്നതുവരെ മെത്രാച്ചനെ സംബന്ധിച്ച് താഴെപ്പറയുന്ന പ്രകാരം തീരുമാനിച്ചിരിക്കുന്നു.

i) കണ്ടനാടു മെത്രാസന ഇടവകയുടെ കൂട്ടുമെത്രാപ്പോലീത്താ എന്ന പദവിയിൽ നിന്നും കണ്ടനാടു മെത്രാസന ഇടവക സംബന്ധിച്ച സകല ഭരണാധികാരങ്ങളിൽ നിന്നും മെത്രാച്ചനെ നീക്കിയിരിക്കുന്നു.

ii ) മേലാൽ, മെത്രാച്ചൻ ഇപ്പോൾ താമസിച്ചു വരുന്ന പിറമാടം ഗത്സീമോൻ ആശ്രമത്തിൽ താമസിച്ച് മെത്രാച്ചന്റെ ആത്മികകാര്യങ്ങൾ നടത്തിക്കൊള്ളുന്നതല്ലാതെ, കണ്ടനാട് മെത്രാസന ഇടവകയുടെ ഭരണകാര്യങ്ങളിലോ, ആ മെത്രാസനത്തിലെ ഏതെങ്കിലും പള്ളിയിലോ, മറ്റു സ്ഥാപനങ്ങളിലോ മെത്രാച്ചൻ പ്രവേശിച്ചു കൂടാത്തതാകുന്നു.

iii ) മലങ്കരസഭയിലെ മറ്റു മെത്രാസനങ്ങളിലെ ഭരണകാര്യങ്ങളിലോ മലങ്കരയ്ക്കു വെളിയിൽ കാതോലിക്കേറ്റിന്റെ ഭരണത്തിൽ ഇരിക്കുന്ന പള്ളികളുടെ കാര്യങ്ങളിലോ അവയിലെ പള്ളികളിലോ മറ്റു സ്ഥാപനങ്ങളിലോ മെത്രാച്ചൻ പ്രവേശിച്ചു കൂടാത്തതാകുന്നു.

vi) മലങ്കര എപ്പിസ്ക്കോപ്പൽ സുന്നഹദോസിലെ അംഗത്വത്തിൽ നിന്ന് മെത്രാച്ചനെ നീക്കിയിരിക്കുന്നു.

v) മലങ്കരയിലെ ഒരു മേൽപട്ടക്കാരൻ എന്ന നിലയിൽ സഭയിലും അതിലെ സമിതികളിലും പൊതുസ്ഥാപനങ്ങളിലും പ്രസ്ഥാനങ്ങളിലും ഉള്ള അധികാരാവകാശങ്ങളിൽ നിന്നും മെത്രാച്ചനെ നീക്കിയിരിക്കുന്നു. അവ സംബന്ധിച്ച് എന്തെങ്കിലും ചെയ്യുന്നതിനോ, പട്ടംകൊട, പള്ളി കൂദാശ മുതലായ വി. കർമ്മങ്ങൾ ചെയ്യുന്നതിനോ മെത്രാച്ചന് അവകാശം ഇല്ലാത്തതാകുന്നു.

vi) മേൽ വിവരിച്ചിരിക്കുന്ന ഏതെങ്കിലും പള്ളികളിലോ സ്ഥാപനങ്ങ

ളിലോ മെത്രാച്ചന് ഭരണപരല്ലാത്ത ആവശ്യങ്ങൾക്കു പോകണമെന്നിരുന്നാൽ മെത്രാച്ചൻ അതത് ഇടവക മെത്രാപ്പോലീത്തായോട് അപ്പോഴപ്പോൾ പ്രത്യേകം അനുവാദം വാങ്ങി മാത്രം പോകേണ്ടതാകുന്നു.

പൗരസ്ത്യ കാതോലിക്കാ മോറാൻ മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ (ഒപ്പ്)

1960 ജൂൺ 17-ാംനു-
കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും